## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1013 05/03/2018 ൽ മറുപടിയ്ക്ക്

## സ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട പരാതികൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ വർഷം സബ് ജില്ല, ജില്ല, സംസ്ഥാന തലങ്ങളിലുള്ള സ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | സബ് ജില്ല, ജില്ലാ തലത്തിലുള്ള പരാതികൾ സാധാരണ രീതിയിൽ സംസ്ഥാന തലത്തിൽ വരാറില്ല. അവിടെ ഉണ്ടാകുന്ന പരാതികൾ അതാത് സ്ഥലങ്ങളിൽ പരിഹരിച്ച് പോകാറാണ് പതിവ്. സംസ്ഥാന സ്കൂൾ കലോത്സവം നടക്കുന്ന വേളയിൽ ലഭിക്കുന്ന പരാതികൾ പൊതു വിദ്യാഭ്യാസ ഡയറക്ടറുടേയും, അഡീഷണൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടേയും,സാന്നിദ്ധ്യത്തിൽ അവിടെ വച്ച് തന്നെ പരിഹരിക്കാൻ കഴിയുന്നുണ്ട്. |
| (ബി) | വിധികർത്താക്കളെ നിശ്ചയിച്ചതിൽ പോരായ്മകൾ ഉണ്ടായതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എടുത്ത നടപടികൾ എന്തെല്ലാം; | (ബി) | ജില്ലകളിൽ വിധികർത്താക്കളെ നിയമിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് അപ്പോൾ തന്നെ പരിഹാരം കണ്ടെത്തിയിട്ടുണ്ട്. |
| (സി) | സബ് ജില്ല, ജില്ല, സംസ്ഥാനം എന്നിവിടങ്ങളിൽ വിധികർത്താക്കളെ നിശ്ചയിക്കുന്ന രീതി വ്യക്തമാക്കുമോ; | (സി) | സബ് ജില്ലാതലത്തിൽ തയ്യാറാക്കുന്ന വിധികർത്താക്കളുടെ പാനൽ വിദ്യാഭ്യാസ ഉപഡയറക്ടറുടേയും ജില്ലാതലത്തിൽ തയ്യാറാക്കുന്ന പാനൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടേയും അംഗീകാരം |

| | | | |
|---|---|---|---|
| | | | വാങ്ങേണ്ടതുണ്ട്. സംസ്ഥാന തലത്തിൽ വിധികർത്താക്കളെ പൊതു വിദ്യാഭ്യാസ ഡയറക്ടർ നേരിട്ടാണ് നിയമിക്കുന്നത്. |
| (ഡി) | കഴിഞ്ഞവർഷം ഇത്തരത്തിൽ ലഭിച്ച പരാതികൾ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക് എതിരെ നടപടി എടുത്തിട്ടുണ്ട്? | (ഡി) | കഴിഞ്ഞവർഷം ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ വിജിലൻസിൽ ഒരു വിജിലൻസ് കേസ് നിലവിലുണ്ട്. ഈ കേസുമായി ബന്ധപ്പെട്ട അന്തിമ നടപടികളൊന്നും ഇതുവരെ ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ